# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2703 17.06.2019 -ലെ മറുപടി

## പുഴകൾ കനാലുകൾ, തോടുകൾ എന്നിവയുടെ തീരങ്ങളിൽ കയ്യേറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | കെ.കൃഷ്ണൻ കുട്ടി (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പുഴകൾ കനാലുകൾ തോടുകൾ എന്നിവയുടെ തീരങ്ങളിൽ വ്യാപകമായ കയ്യേറ്റവും ജലസ്രോതസുകളിൽ മാലിന്യം വലിച്ചെറിയുന്നതുമൂലം ജലമലിനീകരണവും നടക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ പുഴകളുടെയും കനാലുകളുടെയും തോടുകളുടെയും അതിർത്തി സംരക്ഷിക്കുന്നതിനും കയ്യേറ്റം തടയുന്നതിനും മലിനീകരണം തടയുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) പുഴകൾ, തോടുകൾ തുടങ്ങിയ ജലസ്രോതസ്സുകളിലെ കൈയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ ബന്ധപ്പെട്ട റവന്യൂ അധികൃതർ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരെ അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യപ്പെടാറുണ്ട്. എന്നാൽ ഇറിഗേഷൻ കനാലുകളിലെ കൈയ്യേറ്റം ശ്രദ്ധയിൽപെട്ടാൽ ഉടൻ തന്നെ കേരള ലാൻറ് കൺസർവൻസി ആക്ട് 1957 പ്രകാരം ഒഴിപ്പിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മുഖേന സ്വീകരിക്കാറുണ്ട്. മലിനീകരണം തടയുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ (ഗ്രാമപഞ്ചായത്ത് മുൻസിപ്പാലിറ്റി) അവരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ച് നടപടികൾ സ്വീകരിക്കാറുണ്ട്. ഇതിനാ |

പുറമേ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം 2018 പ്രകാരം ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവർക്കെതിരെയുള്ള ശിക്ഷാനടപടികൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരമുള്ള നടപടികൾ കർശനമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

നഗരപ്രദേശവുമായി ബന്ധപ്പെട്ടാണ് മലിനീകരണം കൂടുതലായി കാണപ്പെടുന്നത്. പുഴകൾക്ക് കുറുകെയുള്ള പാലങ്ങൾ, കായലുകൾക്ക് സമാന്തരമായുള്ള റോഡുകൾ എന്നിവിടങ്ങൾ മുഖേനയാണ് മാലിന്യം കൂടുതലായി ജലസ്രോതസ്സുകളിൽ എത്തിചേരുന്നത്. ഇത് തടയുന്നതിനായി പാലങ്ങൾ, ജലസ്രോതസ്സുകളിൽ സ്ഥിരമായി മാലിന്യ നിക്ഷേപമുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ കമ്പി വല (വേലി) സ്ഥാപിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ ഏജൻസികൾ മുഖേന ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു.

(സി) എവിടെയെല്ലാമാണ് ഇത്തരത്തിലുള്ള കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുള്ളത്; അവ ഒഴിപ്പിക്കുന്നതിനും ജലാശയങ്ങൾ സംരക്ഷിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വെളിപ്പെടുത്തുമോ?

കായലുകൾ, പുഴകൾ എന്നിവയോട് ചേർന്നാണ് കൈയ്യേറ്റവും നിയമലംഘന നിർമ്മാണങ്ങളും കൂടുതലായി കണ്ടുവരുന്നത്. ഇവ ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, റവന്യൂ അധികൃതർ എന്നിവരെ അറിയിക്കാറുണ്ട്. തുടർന്ന് റവന്യൂ രേഖകൾ പരിശോധിച്ച് കൈയ്യേറ്റം ആണെന്ന് തെളിഞ്ഞാൽ ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**